സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ശ്രീ.ബിനു.ബി , ഓഫീസ് അറ്റൻഡൻറ്, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ് ,വികാസ് ഭവൻ , തിരുവനന്തപുരം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഇഡി3/2771/2025          ജീവനക്കാര്യം(ഡി) വിഭാഗം          27-09-2025

---

വായന:-1. 4-11-2014 തീയതിയിലെ സ ഉ (എംഎസ്) നം871/2014/എച്ച്ഇഡിഎൻ നമ്പർ സർക്കാർ ഉത്തരവ്
2. 20-11-2024 തീയതിയിലെ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ SJD/6794/2024-E3 നംബർ കത്ത്

<u>ഉത്തരവ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തിരുവനന്തപുരം ജില്ലാ ആഫീസറുടെ നിയമന ശിപാർശ പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ 25.02.2019 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ബിനു.ബി - ഈ വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്നതിനായി വായന (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ശ്രീ.ബിനുവിന്റെ അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള അപേക്ഷ വായന (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ടിയാൻ ഈ വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്നതിന് അർഹനാണെന്നു കാണുന്നു.
ഈ സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ ജോലി നോക്കുന്ന ശ്രീ.ബിനു.ബിയ്ക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം, വട്ടിയൂർക്കാവ് സെൻടൽ പോളിടെക്ക്നിക്ക് കോളേജിലെ ഓഫീസ് അറ്റൻഡൻറ് തസ്തികയിലെ തുറന്ന ഒഴിവിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റ നിയമനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.ബിനു..ബി സാമൂഹ്യ നീതി വകുപ്പിൽ നിന്നും വിടുതൽ വാങ്ങി 20-10-2025 നോ അതിനു മുൻപോ വട്ടിയൂർക്കാവ് സെൻടൽ പോളിടെക്ക്നിക്ക് കോളേജ് പ്രിൻസിപ്പാൾ മുൻപാകെ ജോലിക്കു റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി തിയതിയിൽ ജോലിയിൽ പ്രവേശിക്കാത്ത പക്ഷം യാതൊരു അറിയിപ്പും കൂടാതെ ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

ശ്രീബിനു .ബി - യുടെ സാമൂഹ്യ നീതി വകുപ്പിലെ ഓഫീസ് അറ്റൻഡൻറ് തസ്തികയിലെ സേവന കാലയളവ് ഈ വകുപ്പിലെ ടി തസ്തികയിലെ സീനിയോറിറ്റിക്കായി പരിഗണിക്കുന്നതല്ല. ടിയാൾ ഈ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ അംഗീകൃത പ്രൊബേഷണർമാരിൽ ഏറ്റവും ജൂനിയർ ആയിരിക്കും.

ടിയാളിൻറെ വിടുതൽ, ചേരുംകാല വിവരങ്ങൾ ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്

JAYAPRAKASH P

DIRECTOR

1.സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ,തിരുവനന്തപുരം
2.ശ്രീബിനു .ബി ,ഓഫീസ് അറ്റൻഡൻറ്, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ് , വികാസ് ഭവൻ,തിരുവനന്തപുരം (വകുപ്പ് മേധാവി മുഖേന)

3.പ്രിൻസിപ്പാൾ,സെൻട്രൽ പോളിടെക്ക്നിക്ക് കോളേജ്,വട്ടിയൂർക്കാവ് .
4.ഇ-ഓഫീസ് കരുതൽ സഞ്ചയം

5.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ

Signed by
Jayaprakash P
Date: 27-09-2025 14:30:50